## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3077 15.02.2013- ൽ മറുപടിക്ക്

### ഭൂചലനങ്ങളെ സംബന്ധിച്ച പഠനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ചേലക്കര മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും നിരന്തരമായി നടന്നു വന്നിരുന്ന ഭൂചലനങ്ങളെ കുറിച്ച് നടത്തിയ പഠനങ്ങളെ സംബന്ധിച്ച് അറിയുമോ; | (എ) | ചേലക്കര മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും 1994 മുതൽ 2007 വരെ ഇടയ്ക്കിടെ ഭൂചലനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് ഭൗമ ശാസ്ത്ര പഠന കേന്ദ്രം പഠനങ്ങളും നടത്തിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ആറ് വർഷകാലയളവിൽ ഈ പ്രദേശത്ത് ഭൂചലനങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവു വന്നതായി കാണുന്നു. |
| (ബി) | ഭൂചലനങ്ങളെ സംബന്ധിച്ച് നിരീക്ഷണത്തിന്, ദേശമംഗലത്ത് സ്ഥാപിച്ചിരുന്ന ഭൂകമ്പമാപിനി വകുപ്പിൽ നിന്നും നീക്കം ചെയ്തിരുന്നത് പുന:സ്ഥാപിക്കണമെന്ന് സർക്കാർ ഉറപ്പു നൽകിയിരുന്നതായി അറിയുമോ ; | (ബി)<br>&<br>(സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1999- ൽ CESS ന്റെ മേൽ നോട്ടത്തിൽ പീച്ചിയിലെ വന ഗവേഷണ കേന്ദ്രത്തിൽ അതിനൂതനമായ ഭൂകമ്പ നിരീക്ഷണ കേന്ദ്രം സ്ഥാപിതമായതിനാൽ ദേശമംഗലത്ത് ശേഷി കുറഞ്ഞ പോർട്ടബിൾ ഭൂകമ്പമാപിനി പുന:സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല. |
| (സി) | എങ്കിൽ ഇവിടെ ഭൂകമ്പമാപിനി ഇതേവരെ പുന:സ്ഥാപിക്കാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ; | | |
| (ഡി) | ഭൂചലനങ്ങളെ സംബന്ധിച്ച് നടന്ന പഠന റിപ്പോർട്ടിൽ പ്രസ്തുത പ്രദേശത്ത് സ്വീകരിക്കേണ്ട മുൻ കരുതലുകൾ എന്തെല്ലാമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; | (ഡി)<br>&<br>(ഇ) | പ്രസ്തുത പ്രദേശത്ത് നടന്നിട്ടുള്ള എല്ലാ ഭൂചലനങ്ങളും ചെറു ചലനങ്ങളാണ്. കേരളം ഉൾപ്പെടുന്ന പ്രദേശം മൂന്നാം മേഖലയിൽ പെട്ടിട്ടുള്ളതിനാൽ ഇവിടെ പാലിക്കേണ്ട ഭൂകമ്പ പ്രതിരോധ നിർമ്മാണ നിയമങ്ങൾ കേരള നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുമുണ്ട്. കൂടാതെ നിരവധി ബോധവൽക്കരണ സെമിനാറുകളും ഈ പ്രദേശത്ത് നടത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ അവ എന്തെല്ലാമാണെന്നും അവയിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ